# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2282
# 14/06/2019 ലെ മറുപടിക്ക്

## <u>നിയോജകമണ്ഡല ആസ്തി വികസന പദ്ധതി</u>

| **ചോദ്യം**<br>**ശ്രീ.എസ്.ശർമ്മ** | **ഉത്തരം**<br>**ഡോ.ടി.എം.തോമസ് ഐസക്ക്**<br>**(ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
|---|---|
| നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി സർക്കാർ സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ അനുമതി ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കാമോ? | സംസ്ഥാന സർക്കാരിന്റെയോ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടേയോ ഉടമസ്ഥതയിൽ പൊതുജനോപകാരപ്രദമായ, മൂലധന സ്വഭാവമുള്ള, ദീർഘകാലം നിലനിൽക്കുന്ന ആസ്തികളുടെ സൃഷ്ടിയാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ലക്ഷ്യമിടുന്നത്. ഇപ്രകാരം മൂലധനസ്വഭാവമുള്ള ആസ്തികൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ സ്ഥലം സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ ഉടമസ്ഥതയിൽ ആയിരിക്കേണ്ടതാണ്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട ഏത് കെട്ടിട നിർമ്മാണ പ്രവൃത്തിയ്ക്കും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചട്ട പ്രകാരമുള്ള അനുമതി ആവശ്യമാണ്. |

**സെക്ഷൻ ഓഫീസർ**